Content manag cell
26/9/18
(D12 III Asst)

*അടിയന്തിര പ്രാധാന്യമുള്ളത്*

നം: "കനിവ്"അദാലത്ത്/1/2018 തീയതി 14.09.2018

# പരിപത്രം

*വിഷയം: പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ട വിദ്യഭ്യാസ രേഖകൾ നൽകുന്നതിന് അദാലത്ത് കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് :-*

2018 ജൂലൈ - ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും അഭൂതപൂർവമായ നാശനഷ്ടമാണുണ്ടായത്. ഈ മഹാ കെടുതിയിൽ സർവവും നഷ്ടപ്പെട്ട ജനതക്ക് സർവകലാശാല സഹായഹസ്തം നീട്ടുന്നു. പ്രളയത്തിൽ ഉപയോഗ യോഗ്യമല്ലാതാവുകയോ, നഷ്ടപ്പെടുകയോ ചെയ്ത വിദ്യാഭ്യാസ രേഖകൾ ലഭ്യമാക്കാൻ "കനിവ് 2018" എന്ന പേരിൽ 2018 സെപ്തംബർ 25 ന് അദാലത്ത് സംഘടിപ്പിച്ചിരിക്കുന്നു. ഇതിനായി സർവകലാശാലാ വെബ് സൈറ്റിൽ രൂപപ്പെടുത്തിയിട്ടുള്ള പ്രത്യേക പോർട്ടലിൽ സെപ്തംബർ 19 വരെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് രേഖകൾ തയ്യാറാക്കി സെപ്തംബർ 25 ന് നടക്കുന്ന അദാലത്തിൽ വിതരണം ചെയ്യുന്ന രീതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. സെപ്തംബർ 19 നു ശേഷം ലഭിയ്ക്കുന്ന അപേക്ഷകളിന്മേൽ ഉള്ള രേഖകളും സാധിയ്ക്കുമെങ്കിൽ സെപ്തംബർ 25 നു നടക്കുന്ന അദാലത്തിൽ വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

*ഇതു സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനുകൾ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുവർത്തിക്കേണ്ടതാണ്.*

1. പോർട്ടലിൽ ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ , ഇതിനായി രൂപീകരിക്കപ്പെട്ട പ്രത്യേക സെല്ലിൽ നിന്നും ഫയലാക്കി പരീക്ഷാ കൺട്രോളറുടെ ഓഫീസ് മുഖാന്തിരം ബന്ധപ്പെട്ട അസിസ്റ്റൻറ് രജിസ്ട്രാർക്ക് നൽകുന്നതാണ്.
2. ബന്ധപ്പെട്ട സെക്ഷനുകളിൽ അപേക്ഷ പരിശോധിച്ച് ആവശ്യപ്പെട്ടിരിക്കുന്ന സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി 3 ദിവസത്തിനകം ഇതു സംബന്ധമായി ഡെപ്യൂട്ടി രജിസ്ട്രാർ 8 പരീക്ഷ (മോനിട്ടറിംഗ് സെൽ) രൂപീകരിച്ചിരിക്കുന്ന പ്രത്യേക സെല്ലിൽ എത്തിക്കേണ്ടതുമാണ്.
3. സെക്ഷനുകളിൽ അപേക്ഷകൾ ലഭിച്ചാൽ മറ്റ് ജോലികളേക്കാൾ മുൻഗണന അദാലത്ത് ജോലിക്ക് നൽകേണ്ടതാണ് എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.
4. സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിൽ ഏതെങ്കിലും സംശയങ്ങൾ ദൂരികരിക്കപ്പെടേണ്ടതുണ്ടെങ്കിൽ അതത് ബ്രാഞ്ച് ഓഫീസർമാരുമായി ആലോചിച്ച്

തീരുമാനമെടുത്ത് എത്രയും വേഗം തീർപ്പു കൽപ്പിക്കേണ്ടതാണ്. അസി. രജിസ്ട്രാർമാർ ഈ പ്രവർത്തനങ്ങളെ സംയോജിപ്പിക്കണമെന്നും അറിയിക്കുന്നു.

5. നഷ്ടപ്പെട്ട മാർക്ക് ലിസ്റ്റുകൾക്ക്/ഡിഗ്രി സർട്ടിഫിക്കറ്റുകൾക്ക് പകരമായി നിയമപരമായ രീതിയിൽ നൽകി വരുന്ന "ഡ്യൂപ്ലിക്കേറ്റ്" സർട്ടിഫിക്കറ്റുകളാണ് നൽകേണ്ടത്. ഇതിനായി പ്രത്യേക ഫീസ് നിബന്ധന ഇല്ലാത്തതും തികച്ചും സൗജന്യവുമായിരിക്കും.
6. "കനിവ് 2018" മായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് നൽകുന്ന രേഖകളുടെ ഒരു പ്രത്യേക രജിസ്റ്റർ ബന്ധപ്പെട്ട സെക്ഷനുകളിൽ സൂക്ഷിക്കേണ്ടതാണ്. ലഭിച്ച അപേക്ഷകരുടെ വിശദാംശങ്ങളും, സർട്ടിഫിക്കറ്റുകൾ നൽകിയെങ്കിൽ ഏതൊക്കെയെന്നും, നൽകാൻ കഴിയാത്തവയുണ്ടെങ്കിൽ എന്തു കൊണ്ടെന്നും പിൽക്കാല 'റഫറൻസി'നായി ഇതിൽ രേഖപ്പെടുത്തിയിരിക്കണം.
7. സെക്ഷനുകളിൽ നിന്ന് നൽകുന്ന മാർക്ക് ലിസ്റ്റുകൾ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ വിവരങ്ങൾ ബന്ധപ്പെട്ട ടാബുലേഷൻ രജിസ്റ്ററിൽ ചുവന്ന മഷിയിൽ 'റിമാർക്സ്' കോളത്തിൽ കനിവ് അദാലത്ത് 2018 പ്രകാരം ഡ്യൂപ്ലിക്കേറ്റ് പകർപ്പ് നൽകി എന്ന് രേഖപ്പെടുത്തി അസിസ്റ്റൻറ് രജിസ്ട്രാർ വരെ ഒപ്പു വയ്ക്കേണ്ടതാണ്.
8. അദാലത്ത് 25.09.2018 രാവിലെ 10 മണിക്ക് നിശ്ചയിച്ചിരിക്കുന്നതിനാൽ മേൽ ജോലിക്ക് മുൻഗണന നൽകി ചെയ്യേണ്ടതാണെന്ന കാര്യം ആവർത്തിക്കുന്നു. അതിനായി അവധി ദിനങ്ങളായ സെപ്റ്റംബർ 20,21,23 തീയതികളിൽ ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എത്തി ജോലി പൂർത്തിയാക്കേണ്ടതാണ്. മേൽ ദിനങ്ങളിൽ എത്തുന്നവർക്ക് ആഹാരം, ആവശ്യമെങ്കിൽ താമസ സൗകര്യം തുടങ്ങിയവ സർവകലാശാല നൽകുന്നതാണ്.
9. അവധി ദിനങ്ങളിൽ ഹാജരായി ജോലി നിർവഹിക്കുന്നവർക്ക് പകരം അവധി നൽകുന്നത് അതത് അസിസ്റ്റൻറ് രജിസ്ട്രാർമാരുടെ ശുപാർശകളിന്മേൽ ബന്ധപ്പെട്ട ബ്രാഞ്ച് ആഫീസർമാർ പരിഗണിക്കേണ്ടതാണ്.
10. തങ്ങളുടെ സെക്ഷനുകളിലെ അദാലത്ത് സംബന്ധമായ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് ബന്ധപ്പെട്ട സെക്ഷൻ ആഫീസർമാർ ഉറപ്പു വരുത്തേണ്ടതും അത്യന്തം ഗൗരവത്തോടെ നിർവഹിക്കേണ്ടതുമാണ്.
11. അദാലത്ത് നടക്കുന്ന 25.09.2018 ന് രാവിലെ മുതൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സെക്ഷനുകളിൽ ഉണ്ടായിരിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം സർവകലാശാലാ അസംബ്ലി ഹാളിൽ എത്തി സഹായമോ വിശദീകരണമോ നൽകേണ്ടതുമാണ്.

രജിസ്ട്രാർ

MAHATMA GANDHI UNIVERSITY KOTTAYAM

രജിസ്ട്രാർ